**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *267 — 18.07.2016-ൽ മറുപടിയ്ക്ക്

## പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീമതി ഗീതാ ഗോപി**<br>**ശ്രീ. ചിറ്റയം ഗോപകുമാർ**<br>**ശ്രീമതി സി.കെ.ആശ**<br>**ശ്രീ.എൽദോ എബ്രഹാം** | | **ശ്രീ.ജി.സുധാകരൻ**<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| **(എ)** ടാറിംഗിനുള്ള ബിറ്റുമിൻ മിശ്രിതത്തിൽ പ്ലാസ്റ്റിക് മാലിന്യം നിശ്ചിത അളവിൽ ചേർക്കണമെന്ന് കേന്ദ്ര ഗതാഗത മന്ത്രാലയം ദേശീയ പാതാ അതോറിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ബിറ്റുമിൻ മിശ്രിതത്തിൽ എത്ര ശതമാനം പ്ലാസ്റ്റിക് ചേർക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ; | **(എ)** | ദേശീയപാതകളിൽ പ്ലാസ്റ്റിക് മാലിന്യം ഉപയോഗിച്ച് റോഡുകൾ നിർമ്മിക്കുന്നതിന് കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയം ദേശീയപാത വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. IRC 8 P 98-2013 പ്രകാരം 6 മുതൽ 8% വരെ പ്ലാസ്റ്റിക് ബിറ്റുമിൻ മിശ്രിതത്തിൽ ചേർക്കാമെന്ന് പ്രതിപാദിക്കുന്നു. |
| **(ബി)** റോഡ് നിർമ്മാണത്തിന് പ്ലാസ്റ്റിക് ഉപയോഗിക്കുന്നത് സംസ്ഥാനത്ത് വ്യാപകമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; | **(ബി)** | ഉണ്ട്. |
| **(സി)** റോഡ് നിർമ്മാണത്തിൽ പ്ലാസ്റ്റിക് ചേർക്കുന്നതുകൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ? | (സി) | റോഡ് നിർമ്മാണത്തിൽ ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ശുദ്ധീകരിച്ച് ചേർത്ത് ഉപയോഗിക്കുന്നതു കാരണം പ്ലാസ്റ്റിക് മാലിന്യം കൊണ്ടുണ്ടാകുന്ന പരിസ്ഥിതി പ്രശ്നം നിയന്ത്രിക്കുവാനും ബിറ്റുമിന്റെ അളവ് ലാഭിക്കുവാനും, റോഡിന്റെ ഉപരിതലത്തിന്റെ ഗുണനിലവാരം ഉയർത്തുവാനും വാഹനങ്ങളുടെ തേയ്മാനം കുറയ്ക്കുവാനും സാധിക്കുന്നതാണ്. കൂടാതെ ചെറിയ രീതിയിലുള്ള സാമ്പത്തിക ലാഭവും ഉണ്ടാകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**